# Song of Songs – (ഉത്തമഗീതം)

## Introduction

'ഏറ്റവും മഹത്തായ ഗാനം' എന്നർത്ഥമുള്ള song of songs (ഉത്തമഗീതം) ന്റെ ഗ്രന്ഥ കർത്താവ് ശലോമോൻ രാജാവാണ്. എബ്രായഭാഷയിൽ 'സീർ ഹശ്രീം' എന്നാണ് ഈ കൃതി നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്, യഹുദന്മാരുടെ പെരുന്നാളുകളിൽ പരസ്യവായനയ്ക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അഞ്ച് ചുരുളുകളിൽ ഒന്നാമത്തേതാണ് ഉത്തമഗീതം രൂത്ത്, എസ്ഥേർ, സഭാപ്രസംഗി, വിലാപങ്ങൾ എന്നിവയാണ് മറ്റ് നാല് ചുരുളുകൾ. വാച്യാർത്ഥത്തിൽ (literal interpretation), വിലയിരുത്തുന്നവർ ഈ ചുരുളിന്റെ (പുസ്തകത്തിന്റെ) പഠനം വിലക്കുന്നു, എന്നാൽ വ്യങ്ങ്യാർത്ഥം (Mystical interpretation) ഗ്രഹിക്കാനാഗ്രഹിക്കുന്നവർക്ക് ഇത് വില യേറിയ ഗ്രന്ഥമാണ്. പരിശുദ്ധാത്മവിന്റെ സഹായത്തോടെ ഈ പുസതകത്തിന്റെ പഠനത്തി ലേക്ക് നമുക്ക് പ്രവേശിക്കാം.

ഗ്രന്ഥ കർത്താവായ ശലോമോൻ ദാവീദിന്റെയും (King David) ബേത്ശേബയു ടെയും മകനാണ് .ഇദ്ദേഹം തന്റെ ജീവിതം ദൈവപ്രമാണത്തിൽ ആരംഭിച്ചു. പൈശാചിക പ്ര മാണത്തിൽ അവസാനിച്ചു. ദൈവസ്നേഹത്തിലാരംഭിച്ചു, ദൈവകോപത്തിൽ അവസാനിച്ചു. വിശുദ്ധിയിൽ ആരംഭിച്ചു അശുദ്ധിയിൽ അവസാനിച്ചു. കൂടാതെ വേർപാടിൽ ഭരണം തുട ങ്ങി ജാതികളുമായി ചേർന്ന് ഭരണമേ ഇല്ലാതാക്കി.ദൈവമക്കളെന്ന് കരുതുന്നവർ ജഢീക ഇച്ഛയിൽ താല്പര്യം വർദ്ധിക്കാതെ സൂക്ഷിക്കുക. ശലോമോനെ പിടിയിലാക്കിയ സാത്താൻ ആരെയും വിഴുങ്ങുവാൻ ഊടാടിനടക്കുന്നവനാണെന്ന് മറക്കരുത്

## ഈ പുസതകത്തിലെ കഥാപാത്രങ്ങൾ

1 **ശലോമോൻ രാജാവ്**

യിസ്യായേൽ രാജ്യത്തിന്റെ രാജാവാണ് ഇദ്ദേഹം. ലോകത്തിന്റെ അധിപതിയായ സാത്താന്റെ പ്രതീകമാണ് ശലോമോൻ. അദ്ദേഹത്തിന് വേണ്ടി സ്തുതിപാടുന്ന കൂലിക്കാ രായ യെറുശലേം പുത്രിമാരും, ഉപജാപകവൃന്ദവും സാത്താന്റെ സേവാത്മക്കളായ സ്വർലോ കങ്ങളിലെ ദുഷടാത്മസേനയുടെയും, അവയാൽ അഭിഷക്തരായ ലൗകീക മനുഷ്യരുടെയും നിഴലുകളാണ്

2 **ശുലേമി** - പാലസ്റ്റീനു വടക്ക് നാരകത്തോട്ടം ധാരളമുള്ള ശുലേമിൽ ജനിച്ചു. ശലോമോന്റെ തോട്ടത്തിലെ കാവൽക്കാരിയുടെ വളർത്തു മകളായി വളർന്നു.

3 **ശുലേമിയുടെ പ്രീയൻ** - എങ്ങുനിന്നോ വന്നു, എങ്ങോട്ടോ പോയ് മറഞ്ഞവൻ. ഒരു അനാ ഥശിശുവിനെ (ശുലേമി) ആരോരുമില്ലാത്ത അവസ്ഥയിൽ നിന്ന് സ്നേഹത്താൽ രക്ഷിച്ച് പോറ്റമ്മയെ ഏല്പിച്ച ശേഷം ഭാവിയിൽ വേളിക്കായ് മടങ്ങി വരും എന്ന് പറഞ്ഞവൻ.

4 **യെറുശലേം പുത്രീമാർ** - പ്രീയനോടുള്ള ശുലേമിയുടെ സ്നേഹം അവസാനിപ്പിച്ച് ശലോ മോന്റെ അടുക്കലെത്തിക്കുവാൻ ശ്രമിക്കുന്നവർ.

5. **പട്ടണത്തിലെ കാവൽക്കാർ** - ഇവർ പട്ടണത്തെ സംരക്ഷിക്കുന്ന രാജാവിന്റെ ഉദ്യോഗസ്ഥർ.

6. **ശലോമോന്റെ രാജ്ഞിമാർ** - ലോകത്തിന്റെ പ്രഭുവായ ശലോമോനുമായി ഉഭയ സമ്മതം ചെയ്ത് ജീവിക്കുന്നവർ. ഭൗമീക ലോകമാണ് സ്വർഗ്ഗമെന്ന് കരുതി മദിച്ചുപുളച്ച് ജീവിക്കുന്ന സുഖഭോഗികൾ.

7. **അമ്മയുടെ പുത്രന്മാർ-** ഒരേ വീട്ടിൽ കഴിയുന്ന ഒരമ്മയുടെ പലമക്കൾ ഇന്നത്തെ സഭയിലും ഇതുപോലുള്ള മക്കളുണ്ട്. പിതാവിനോടും പുത്രനോടും ബന്ധമില്ലാതെ ഭക്തർ എന്ന് നടിച്ച് സഭയിൽ കഴിയുന്നു.

8. **പ്രീയന്റെ ചങ്ങാതിമാർ (Companions)**

ഇവർ പ്രീയന്റെ സഹയാത്രികർ ആണ് മണവാളനൊപ്പം അനുധാവനം ചെയ്യുന്ന തോഴ്മക്കാർ. Read യോഹ: (3:29) സങ്കീ (45:13-14) ൽ പഴയനിയമ ഭക്തൻമാർ ഏവരും മണവാളന്റെ സ്നേഹിതന്മാരായ തോഴ്മക്കാർ ആണ്. ഈ പ്രവചനത്തിന്റെ നിറവേൽ കാണുക. Read വെളി :(19:6-9)

ശുലേമിയെന്ന ഇടയകന്യകയെ തന്നിലേക്ക് ആകർഷിക്കുവാൻ ജ്ഞാനിയായ ശലോമോൻ പലതന്ത്രങ്ങളും സ്വീകരിച്ചു. മനോഹരമായ വിവാഹ മണ്ഡപം ഒരുക്കിയത്, ഒരുക്കിയ പള്ളിയറ, വിഭവങ്ങൾ നിരത്തുവാൻ സ്ഥലം .പോരാതെ വന്ന തീൻമേശകളുള്ള ഭക്ഷണശാല, കുടിൽ ഉപേക്ഷിച്ചാൽ പാർക്കേണ്ട മനോഹര കൊട്ടാരം ഇവയെല്ലാം അവളെ പ്രലോഭിപ്പിക്കും എന്നാണ് ലോകമക്കൾ കരുതിയത് .ഇതെല്ലാം യെറുശലേം പുത്രമാർ കാട്ടികൊടുക്കുമ്പോഴും " ലാഭമായതെല്ലാം ക്രിസ്തു നിമിത്തം ചേതം എന്ന് അവൾ എണ്ണി" Read ഫിലി:(3:7) ശുലേമിയുടെ ഹൃദയത്തിൽ അപ്പോഴും നിറഞ്ഞു നിന്നത് പോറ്റമ്മ വിവരിച്ചു വരച്ചു കാട്ടിയ പ്രാണപ്രിയൻ തന്നെ ആയിരുന്നു.

പ്രിയരേ! പ്രലോഭിപ്പിച്ച് നമ്മെ കീഴ്പ്പെടുത്തുവാൻ ശ്രമിക്കുന്ന ശക്തികളെ സൂക്ഷിക്കുക. ക്രിസ്തുവിനുവേണ്ടി സകലതും നിന്ദ്യമെന്ന് എണ്ണിയാൽ പ്രിയനോടൊപ്പം നിത്യത നമുക്ക് കരസ്ഥമാക്കാം.

## chapter - 1

<u>വാക്യങ്ങൾ (1:2-4)</u>

യഹൂദമര്യാദയും, കീഴ്‌വഴക്കവും അനുസരിച്ച് നടപടികളുടെ ആദ്യഭാഗം വിവാഹ ചുംബനമാണ് ശലോമോൻ രാജാവ് തന്റെ സമ്മതം നേരത്തെ പരസ്യമാക്കിയതാണ്. എന്നാൽ ശലോമീ ഈ രാജാവിനെയല്ല ആഗ്രഹിക്കുന്നത്. അവളുടെ പ്രിയനായവൻ എവിടെയോ ആടിനെ മേയിക്കുന്നു. ഒന്നുമില്ലാത്ത അവസ്ഥയിൽ, എല്ലാവരും ഉപേക്ഷിച്ചപ്പോൾ എന്നെ രക്ഷിച്ചവന്റെ സ്നേഹം അളവുകളില്ലാത്തതാണ്, അതിരുകളില്ലാത്തതുമാണ്. അവൾ പ്രിയനെ (അവൻ എന്ന് സംബോധന) ഇഷ്ടപ്പെടുവാൻ കാരണം.

<u>(1) അവന്റെ അധരം -</u> അവന്റെ അധരങ്ങളിൽ നിന്ന് പുറപ്പെടുന്ന ലാവണ്യ വാക്കുകളാൽ (gracious words) ചുംബിക്കട്ടെ എന്നാണവളുടെ ആഗ്രഹം. ലാവണ്യം അധരങ്ങളിൽ പകർന്നിരിക്കുന്നു (സങ്കീ:45:2). നമ്മുടെ മണവാളനായ ക്രിസ്തുവുമായി യഹൂദ ശുശ്രൂഷയുടെ ആദ്യപടിയിലേക്ക് നമുക്ക് പോകാം അതായത് വഴിയിൽ വച്ച് നശിക്കാതിരിപ്പാൻ നമുക്ക് പുത്രനെ ചുംബിക്കുന്നവരാകാം.

<u>(2) അവന്റെ പ്രേമം (സ്നേഹം)</u>

ശുലേമിയുടെ ഹൃദയത്തിലെ പരിപാവനസ്നേഹം ഇടയന്റെ സ്നേഹമാണ്. അമ്മ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല എന്നരുളിയ സർവ്വശക്തന്റെ സ്നേഹം അപാരമത്രെ.

<u>(3) അവന്റെ തൈലം</u>

ഒരു ദൈവപൈതലിന്റെ വിശുദ്ധജീവിതം തൈലത്തേക്കാൾ സുഗന്ധമേറിയതും വിലയുള്ളതുമാണ്. ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുവാൻ അഭിഷേകം ചെയ്ത് പ്രാപ്തരാക്കുന്നതാണ് തൈലം. ഇത് സുഗന്ധപൂർണ്ണമാണ്. പരിശുദ്ധ ശക്തി പുതിയ നിയമ ആരാധനയിൽ ലഭ്യമാകുന്നത് നാം സത്യത്തിലും ആത്മാവിലും ആരാധിക്കുമ്പോഴാണ്.

<u>4) അവന്റെ നാമം</u> - Read സഭാ :(6:10) (7:1)

ലോകത്തെ നാം സനേഹിച്ചാൽ പലരും സനേഹിച്ച ചുംബനങ്ങൾ തന്ന് ദുർന്നടപ്പ്, അശുദ്ധി പണമോഹം ഇവയിലേക്ക് നമ്മെ കൊണ്ടു പോകുന്നു. പ്രിയന്റെ സനേഹ ചുംബനം, പ്രിയന്റെ കരുതൽ ഇവ ഇഷ്ടപെട്ടാൽ ലോകത്തിന്റെ നാശപാശം തകർക്കാം.

യെരുശലേം പുത്രമാർ ശലോമോൻ രാജാവിന്റെ സുഗന്ധ ദ്രവ്യങ്ങളുടെ കലവറയിൽ അത് പകരുന്നതിനെപ്പറ്റിയും അതിന്റെ വാസനയെപ്പറ്റിയും അവളെ അറിയിക്കുന്നു. ശുലേമിയെ പ്രലോഭിപ്പാൻ യെറുശലോം പുത്രിമാർ പറയുന്നു. (നിന്റെ നാമം സുഗന്ധം പകരുന്നതിനാൽ നിന്നോടു ചേർന്നിരിപ്പാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളെ വിട്ട് നിന്റെ പ്രിയൻ ഇരിക്കുന്നു എന്ന് പറയുന്ന സാങ്കല്പിക ദേശത്തേക്ക് പോകരുതേ, എന്ന് അവർ എയ്തു വിട്ട ചക്കര വാക്കുകൾക്ക് ശുലേമിയെ ചലിപ്പിക്കുവാൻ കഴിഞ്ഞില്ല. രാജാവിന്റെ പള്ളിയറയിലെ ധാടിമോടികളൊന്നും ആഗ്രഹിക്കാത്ത ശുലേമീ തന്നെ സ്വതന്ത്രയാക്കുവാൻ പ്രിയനോട് യാചിക്കുന്നു. പ്രാവിനുള്ളതുപോലെ തനിക്ക് ചിറകുണ്ടായിരുന്നു എങ്കിൽ എന്ന് അവൾ ആഗ്രഹിക്കുന്നു

Read സങ്കീ : (55:6-8) അന്യജാതിക്കാരായ സ്ത്രീകളെ പാർപ്പിച്ച കൊട്ടാരവും അന്യ ദേവന്മാർക്കായി ഈ സ്ത്രീകളുടെ ആവശ്യ പ്രകാരം പണിത ആരാധന സ്ഥലങ്ങളും, പണിയിച്ച രാജാവിനെയും ശുലേമി വെറുക്കുന്നതിനാലാണ് "എന്നെ വലിക്ക" എന്ന് പറയുന്നത്.

<u>വാക്യങ്ങൾ (1:5 -8)</u>

ശാലോം പുത്രിമാരോട് താൻ നിറം മങ്ങിയവൾ ആണെന്ന് അവൾ സമ്മതിക്കുമ്പോൾ അതിന്റെ കാരണവും വ്യക്തമാകുന്നു. അവളുടെ നിറഞ്ഞ രണ്ട് വസ്തുക്കളോട് ഉപമിക്കുന്നു.

(1) **കേദാര്യകൂടാരങ്ങൾ**

യിശ്മായേലിന്റെ മക്കളിൽ ഒരുവനായ കേദാറിന്റെ വംശാവലി കറുത്ത ആട്ടുരോമം കൊണ്ട് ഉണ്ടാക്കുന്ന കൂടാരമാണിത്. Read ഉല്പ 25 :13,14 മഞ്ഞും മഴയും വെയിലും പൊടിയും ഏറ്റ കൂടാരത്തിന്റെ പുറഭാഗം മങ്ങിപ്പോയാലും അകം ഏറ്റവും മനോഹരവും. ആരുമില്ലാത്തവർക്ക് ആശ്രയവും ആശ്വാസവും നൽകുന്നതുമാണ്.

(2) **ശലോമോന്റെ തിരശ്ശീല**

കൊട്ടാരത്തിലെ വിലയുള്ള തിരശ്ശീലയോടെയാണ് ഇവിടെ ഉപമിച്ചിരിക്കുന്നത്. കറുത്തവളെങ്കിലും അവൾ സുന്ദരിയാണ്. Read സദൃ:(2:4-8) പ്രിയൻ നോക്കുന്നത് ആന്തരീക സൗന്ദര്യമാണ്. പ്രിയനെ കാണുവാൻ വിടാതെ കാവല്ക്കാരിയാക്കിയ സഹോദരങ്ങൾ സ്വന്തം തോട്ടം സൂക്ഷിപ്പാൻ സമ്മതിച്ചില്ല എന്ന് സങ്കടപ്പെടുമ്പോഴും മനോഹരദേശത്ത് അവൾക്കായി പ്രിയനൊരുക്കിയ ഓഹരിയാണ്, പുറമേ കറുത്തതെങ്കിലും അകം കേടാക്കാതെ സൂക്ഷിച്ചവൾ ആഗ്രഹിക്കുന്നത്.

Read സങ്കീ :(16:5,6)

ഉത്ത:(1.1) ൽ പറഞ്ഞ പ്രസ്താവനയല്ല 7-ാം വാക്യത്തിലാവശ്യപ്പെടുന്നത്. ഇവിടെ പ്രിയതമനെ പ്രാണപ്രിയനെന്ന് സംബോധന ചെയ്തശേഷം എവിടെയാണെന്ന് പറഞ്ഞു തരുവാൻ ആവശ്യപ്പെടുന്നു. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം ഭൗതീകമല്ല. പ്രിയനോട് ചേർന്നിരിപ്പാൻ പറ്റിയ സ്ഥലം ആത്മീകാരധന നടക്കുന്നിടമാണ്. ആരാധനാ സ്ഥലം ആത്മീക നിറവുള്ളിടമാക്കി നില നിർത്തുക.

ഇടയന്മാരെ കാണുവാനെത്തുന്ന സ്ത്രീകൾ മറ്റ് ഇടയന്മാർ കാണാതെ മുഖം മൂടുന്നതുപോലെ താൻ ഈ കൊട്ടാരത്തിലെ. പുരുഷന്മാരുടെ മുമ്പിൽ മുഖംമൂടി നില്ക്കുവാൻ ഇടവരാതെ തന്നെ രക്ഷിക്കുവാനാവശ്യപ്പെടുമ്പോൾ ആടുകളുടെ കാല്പാദം നോക്കി കൂടാരം കണ്ടെത്തി അതിനടുത്ത് ആടുകളെ തീറ്റുവാനാവശ്യപ്പെടുന്നു.

**ഉത്ത: (1:9,10)**

"ശുലേമിയെ" അവളുടെ പ്രിയനായവൻ ഉപമിച്ചിരിക്കുന്നത് ഫറവോന്റെ രഥത്തിന് കെട്ടിയ അഭ്യാസം പ്രാപിച്ച പെൺകുതിരകളോടാണ്.

1) ശക്തി (2) യജമാനസ്നേഹം (3)കല്പന അനുസരിപ്പാനുള്ള വേഗത (4) വിശ്വസ്തത (5) നിഷ്പ്രയാസം തിരിക്കാവുന്ന ശരീരഘടന (6) സാവധാനത (7) ദീർഘക്ഷമ (8) മുഖപ്പട്ട (9) കടിഞ്ഞാൺ (10) ഭയമില്ലായ്മ (11) യജമാനനുവേണ്ടി എന്തും ചെയ്യുവാനുള്ള വാഞ്ച (12) യജമാനനെ വഹിപ്പാനുള്ള വാഞ്ച.

ക്രിസ്തുവിന്റെ നിഴലായ പെട്ടകം പുരോഹിതന്മാർ ചുമന്നു എങ്കിൽ യേശുവിനെ ഒരു കഴുതയാണ് ചുമന്നത്. നാമും ക്രിസ്തുവിനെ ധരിക്കുമ്പോൾ സ്നാനം ഏല്ക്കുവാൻ അപ്പോസ്തോലനായ പൗലോസ് ഗലാ: (3:26,27) വാക്യങ്ങളിൽ ആഹ്വാനം ചെയ്യുന്നു. (ഇത് വായിക്കുകയോ, കേൾക്കുകയോ ചെയ്യുന്ന ആരെങ്കിലും ക്രിസ്തുവിനെ ധരിക്കാത്തതായി ഉണ്ടെങ്കിൽ സമയം തക്കത്തിലുപയോഗിക്കുക) വചനത്താൽ കോർത്ത മുത്തുമാല ധരിച്ചതിനാലാണ്. ശുലേമിയ്ക്ക് മുകളിൽ രേഖപ്പെടുത്തിയ പന്ത്രണ്ട് ഗുണങ്ങളും ഉള്ളവളാകുവാൻ കഴിഞ്ഞത്. മായം ചേർത്തവ (കൂട്ടുകലർത്തിയവിത്തോ, രണ്ട് വിധത്തിലുള്ള നൂലു ചേർത്ത വസ്ത്രമോ) കൃഷിക്കാരനോ, നെയ്ത്തുകാരനോ ഉപയോഗിക്കാത്തതുപോലെ സ്വാർത്ഥലാഭക്കാർ മായം ചേർത്ത ആകർഷകമാക്കുന്ന ദൈവവചനം കേൾക്കാതെ സത്യ വചനം കൈകൊള്ളുക. അപ്പോ :3:6 ൽ പത്രോസ് പറഞ്ഞതു പോലെ നമുക്കും പറയുവാൻ കഴിയണം.

**ഉത്ത: (1: 12 -14)**

പ്രിയനെ മറന്ന് ശലോമോൻ രാജാവിലേക്ക് ഹൃദയം ചായിപ്പാൻ അനേക സമ്മാനങ്ങളും, ജഢമാംസി എന്ന സുഗന്ധവർഗ്ഗവും തരാമെന്നുള്ള യെരുശലേം പുത്രിമാരുടെ വാക്കുകളെയും അവൾ നിരസിച്ചു. അതിൽ മറഞ്ഞുകിടന്ന മർമ്മം ഗ്രഹിച്ച ശുലേമി, അവളുടെ പ്രിയനോടുള്ള സ്നേഹം ഒരിക്കൽ കൂടെ ഉറക്കെ പ്രസ്താവിച്ചു.

ജടമാംസി -ഔഷധ വീര്യമുള്ള സുഗന്ധ ദ്രവ്യമാണ്. പലവിധരോഗങ്ങൾക്കും മരുന്നായ ഈ തൈലം ദേഹകാന്തി, ബലം വർദ്ധിപ്പിക്കൽ ഇവയ്ക്കും ഉപയോഗിക്കുന്നു. വിലപിടുപ്പുള്ള തൈലമാണ് ഇത് . മീറയും മുട്ടയും ചേർത്ത് ഉപയോഗിക്കുന്നതും മരുന്നാണ്. "ദൈവവചനം" ഔഷധവീര്യമുള്ള ജടമാംസി തൈലം പോലെയാണ്. വചനം ഉള്ളിലുള്ളവർ പരിശുദ്ധാത്മാവിന്റെ സുഗന്ധം പുറപ്പെടുവിക്കുന്നു. ഭക്തന്റെ ഹൃദയത്തിന്റെ നടുവിലാണ് പ്രിയന്റെ രൂപം. ദൈവസഭയോടുള്ള മണവാളന്റെ വാഗ്ദത്തവും ഇതുതന്നെയാണ്, "ഞാൻ ഒരു നാളും നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല". എന്ന്.

"ഏൻ ഗെദി" എന്ന വാക്കിന് ദൈവത്തിന്റെ ഉറവ എന്നാണ് അർത്ഥം. ഇവിടെയുള്ള ഉറവകൾ സമയത്തും, അസമയത്തും ഒരു പോലെ, ഒരേ അളവിൽ ശുദ്ധജലം ഒഴുക്കിക്കൊണ്ടിരിക്കുന്നു. ഏത് പ്രതികൂലത്തിലും പ്രിയനോടുള്ള സ്നേഹത്തിന് വ്യത്യാസം വരുത്താത്ത ദൈവപൈതൽ അവിടെയുള്ള മയിലാഞ്ചി പൂക്കുലകൾ പറിക്കുവാൻ കഴിയാത്ത വിധം തണ്ടുമായ് ഇഴുകിയിണഞ്ഞിരിക്കുന്നതുപോലെയാണ്.

**ഉത്ത:(1:15-17)**

പ്രാവിന്റെ കണ്ണ് ശുദ്ധവും നിർമ്മലവുമായ വസ്തുക്കളിലേക്ക് മാത്രം നോക്കുന്നതിനാൽ പ്രാവ് പരിശുദ്ധാത്മ പ്രതീകമാണ്. പ്രിയന്റെ സ്നേഹമേറിയ വാക്കുകൾ പച്ചയായ പുല്പുറങ്ങളിൽ കിടത്തുന്ന പ്രിയനെയും ഭവനത്തെയും പറ്റി ചിന്തിപ്പിക്കുന്നു. ആടുകൾക്ക് ആവശ്യമായ യഥാർത്ഥമേച്ചിൽപ്പുറത്ത് (സഭയ്ക്കുള്ളിൽ) ലഭിച്ചിരിക്കണം. വെള്ളം അഥവാ പരിശുദ്ധാത്മാവ്

2) പാൽ (വചനം) (3) വീഞ്ഞ് യേശുവിന്റെ രക്തം) (4) അപ്പം(അവന്റെ ശരീരം) ഇതാണ് ആ നാല് ഘടകങ്ങൾ. ഈ പുൽപ്പുറത്ത് മേയുന്നവന് അഞ്ച് ഇടങ്ങളുണ്ട്.

1) കിടപ്പിടം ഉത്ത 1:16 (2) പോക്കിടം - 2കൊരി (5:1) (3) ഇരിപ്പിടം - യോഹ:(14:1-3) (4) നിൽപ്പിടം - വെളി :(3:12) (5) പാർപ്പിടം - സങ്കീ :(23:6), (27:4) ദൈവവചനത്തിന്റെ അളവിനൊത്തവണ്ണം പരിശുദ്ധാത്മാവിനാൽ ദൈവത്തിന്റെ സഭയെന്ന മന്ദിരം പണിയുമ്പോൾ മന്ദിരത്തിനും അതിൽ ഇരുന്നാരാധിക്കുന്നവർക്കും അഴകും, ആനന്ദവും ലഭിക്കുന്നു. ലോകം തരുന്ന കണ്ണിന് ലഭിക്കുന്ന ഇമ്പമല്ല ശുലേമിയെപ്പോലെയുള്ള ഒരു യഥാർത്ഥ ദൈവപൈതൽ ആഗ്രഹിക്കുന്നത്. ഇങ്ങനെയുള്ള ഭവനത്തിൽ മാത്രമേ ആത്മസന്തോഷം ഉണ്ടാകുന്നുള്ളൂ. നമ്മുടെ ഭവനം ഏത് അവസ്ഥയിൽ .................... ശ്രദ്ധിക്കുക.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind